**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിനായി പുരസ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

**കൃഷി (ഇഎ) വകുപ്പ്**

**സ.ഉ (കൈ) നം.200/12/കൃഷി തീയതി, തിരുവനന്തപുരം, 13.8.2012.**

പരാമർശം:- റ്റി:വി.36019/11 നമ്പരായുള്ള 8.6.2012-ലെ കൃഷി ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അവരുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിനായി പുതുതായി പുരസ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള വിശദമായ ശുപാർശ പരാമർശ കത്തു പ്രകാരം കൃഷി ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

കൃഷി ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റ്, കൃഷി ആഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ പ്രവർത്തന മികവ് പരിഗണിച്ച് ഓരോ വിഭാഗത്തിലും താഴെപ്പറയും പ്രകാരം മൂന്നുവീതം പുരസ്കാരങ്ങൾ നൽകാൻ സർക്കാർ തീരുമാനിച്ചു ഉത്തരവാകുന്നു.

| ക്രമ നം. | അവാർഡിന്റെ പേര് | പരിഗണിക്കപ്പെടുന്ന വിഭാഗം | അവാർഡ് തുക |
|---|---|---|---|
| 1. | കൃഷി അസിസ്റ്റന്റ് ഒന്നാം സ്ഥാനം | കൃഷി അസിസ്റ്റന്റ് | 25,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 2. | കൃഷി അസിസ്റ്റന്റ് രണ്ടാം സ്ഥാനം | കൃഷി അസിസ്റ്റന്റ് | 15,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 3. | കൃഷി അസിസ്റ്റന്റ് മൂന്നാം സ്ഥാനം | കൃഷി അസിസ്റ്റന്റ് | 10,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 4. | കൃഷി ഓഫീസർ ഒന്നാം സ്ഥാനം | കൃഷി ഓഫീസർ | 25,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 5. | കൃഷി ഓഫീസർ രണ്ടാം സ്ഥാനം | കൃഷി ഓഫീസർ | 15,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 6. | കൃഷി ഓഫീസർ മൂന്നാം സ്ഥാനം | കൃഷി ഓഫീസർ | 10,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| 7. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഒന്നാം സ്ഥാനം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 25,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 8. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ രണ്ടാം സ്ഥാനം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 15,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 9. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ മൂന്നാം സ്ഥാനം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 10,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 10. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഒന്നാം സ്ഥാനം | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 25,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 11. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ രണ്ടാം സ്ഥാനം | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 15,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 12. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ മൂന്നാം സ്ഥാനം | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 10,000/- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ് |

അവാർഡ് നിർണ്ണയത്തിനായി താഴെപ്പറയുന്ന ഘടനയിൽ ജില്ലാ, സംസ്ഥാന സമിതികൾ രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജില്ലാ പുരസ്കാര നിർണ്ണയ സമിതി**

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ [ചെയർമാൻ]
2. ഡെപ്യൂട്ടി കൃഷി ഡയറക്ടർ (ഇ&റ്റി) [കൺവീനർ]
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) [അംഗം]
4. പ്രോജക്ട് ഡയറക്ടർ, ആത്മ [അംഗം]

**സംസ്ഥാന പുരസ്കാര നിർണ്ണയ സമിതി**

1. കൃഷി ഡയറക്ടർ [ചെയർമാൻ]
2. അഡീഷണൽ കൃഷി ഡയറക്ടർ (എക്സ്:) [കൺവീനർ]
3. അഡീഷണൽ കൃഷി ഡയറക്ടർ (പ്ലാനിംഗ്) [അംഗം]
4. സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയർ [അംഗം]
5. ഡയറക്ടർ (സമേതി) [അംഗം]
6. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, FIB [അംഗം]

പുരസ്കാരത്തിനായി അപേക്ഷിക്കുന്നതിനുള്ള നിബന്ധനകൾ താഴെ നൽകുന്നു.

I. പുരസ്കാരത്തിനായി പരിഗണിക്കപ്പെടുന്ന ഉദ്യോഗസ്ഥർ താഴെപ്പറയുന്ന മേഖലകളിൽ മികവു തെളിയിച്ചിരിക്കണം.

   i. കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ആത്മാർത്ഥ സേവനം.
   ii. കൃഷി വകുപ്പിന്റെയും, ജനകീയാസൂത്രണ വകുപ്പിന്റെയും പദ്ധതി നിർവ്വഹണത്തിലുള്ള മികവ്.

iii. കൃഷിക്കാരുടെ പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിനും അവരുടെ മാതൃകാപരമായ സമീപന രീതികളും.

iv. കൃഷിയും അനുബന്ധ മേഖലകളിലേയും ഗവേഷണഫലങ്ങൾ കർഷകരുടെ ഇടയിൽ പരമാവധി പ്രചരിപ്പിക്കുന്നതിനുള്ള കഴിവ്.

v. നൂതന ശാസ്ത്രീയ സാങ്കേതിക വിദ്യകൾ ഏറ്റവും കൂടുതൽ കർഷകരെക്കൊണ്ട് അനുവർത്തിപ്പിക്കുന്നതിലുള്ള വിജയം.

vi. സമയബന്ധിതമായി വേണ്ടുന്ന നിർദ്ദേശങ്ങളും സഹകരണവും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കും, പദ്ധതി നിർവ്വഹണത്തിനും വേണ്ടി നൽകുന്ന വ്യക്തി.

vii. ആത്മ, ലീഡ്സ് എന്നീ പദ്ധതികളുടെ വിജയകരമായ നടത്തിപ്പ്.

II. ഉദ്യോഗസ്ഥരുടെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല പ്രവർത്തനങ്ങളെ വിലയിരുത്തി-ക്കൊണ്ടാണ് പുരസ്കാരങ്ങൾ നൽകുക.

III. പഞ്ചായത്തുകൾ, പൊതുപ്രവർത്തകർ, കാർഷിക വികസന സമിതി അംഗങ്ങൾ, പുരോഗമന കർഷകർ എന്നിവർക്ക് ഉദ്യോഗസ്ഥരെ നോമിനേറ്റ് ചെയ്യാവുന്നതാണ്. കൂടാതെ ഉദ്യോഗസ്ഥർക്കും നേരിട്ട് പുരസ്കാരത്തിനായി അപേക്ഷിക്കാവുന്നതാണ്.

IV. പുരസ്കാരത്തിനായി ലഭിക്കുന്ന അപേക്ഷകൾ ജില്ലാതല കമ്മിറ്റിയുടെ ശുപാർശ സഹിതം കൃഷി ഡയറക്ടർക്ക് എല്ലാ വർഷവും ജൂലൈ മാസം ഒന്നാം തീയതിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ സംസ്ഥാന തലത്തിൽ കൃഷി ഡയറക്ടർ ചെയർമാനായിട്ടുള്ള സമിതി സൂക്ഷ്മ പരിശോധന നടത്തി പുരസ്കാര ജേതാക്കളെ ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം, മൂന്നാം സ്ഥാനം എന്ന ക്രമത്തിൽ നിർണ്ണയിക്കേണ്ടതാണ്. പ്രസ്തുത സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ പ്രഖ്യാപിക്കേണ്ടതാണ്.

അവാർഡ് നൽകാൻ ആവശ്യമായ തുക കർഷക അവാർഡ് നൽകുന്നതിനായി സ്വരൂപിച്ചിട്ടുള്ള "കിസാൻ നിധി" ഫണ്ടിന്റെ പലിശയിനത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.ആർ. ജ്യോതിലാൽ
സെക്രട്ടറി (കൃഷി).

കൃഷി ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
എല്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ കൃഷിഅസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ കൃഷി ആഫീസർമാർക്കും
എല്ലാ കൃഷി അസിസ്റ്റന്റുമാർക്കും
} (കൃഷി ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഐ & പി.ആർ. വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

# ഇ-മെയിൽ

കൃഷി ഡയറക്ടറേറ്റ്
വികാസ് ഭവൻ
തിരുവനന്തപുരം
തീയതി. 18.8.2012

[illegible] നം. റ്റി.വി(1) 36019/11 തി: 18.8.12

ഉത്തരവിന്റെ പകർപ്പുകൾ ഡിവിഷൻ കൃഷി ഓഫീസർമാർക്കും അറിവിലേക്കായി നൽകുന്നു. പകർപ്പ് ഡിവിഷൻ ഇൻചാർജ് [illegible] ഓഫീസർ ഹെഡ്. ടെ. സിക്കും ഡെപ്യൂട്ടി കൃഷി ഡയറക്ടർ ഐ.റ്റി സെല്ലിനും യഥോചിതം പബ്ലിസിറ്റിക്കും വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനായി നൽകുന്നു.

പകർപ്പ്: ഡയറക്ടർ, സമർപ്പിക്കുന്നു

B. V. Aranha

കൃഷി ഡയറക്ടർക്കുവേണ്ടി

BRENDA VALENTINA ARANHA
Assistant Director of Agriculture
Directorate of Agriculture (TV)
Vikas Bhavan, Tvpm- 33